**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 03/02/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC5/2021/EXCISE**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ്-എൻ.ഡി.പി.എസ് മൈനർ കേസിൽ ഉൾപ്പെട്ട കുറ്റവാളികൾക്ക് ജാമ്യം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന: ബഹു. എക്സൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 05.01.2021-ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

എൻ.ഡി.പി.എസ് കേസുകളിൽ ചെറിയ അളവിലുള്ള മയക്കമരുന്നുകളുമായി ബന്ധപ്പെട്ട കേസുകളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ എക്സൈസ് ഓഫീസുകളിൽ നിന്നും ജാമ്യം അനുവദിക്കുന്ന അവസ്ഥ നിലവിലുണ്ട്. എന്നാൽ ഈ രീതിയിൽ ജാമ്യം അനുവദിക്കുമ്പോൾ സ്ഥിരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർ മയക്കമരുന്നു കച്ചവടത്തിൽ പങ്കാളികളായവർ എന്നിങ്ങനെയുള്ളവർ തന്നെ ജാമ്യക്കാരായി വരുന്നതായി കാണുന്നുണ്ട്. ഇത് ആദ്യമായി കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരും ലഘുവായ കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവരുമായ വ്യക്തികൾക്ക് അത്തരക്കാരുമായി മാനസികമായി അടിമത്തം ഉണ്ടാകുവാനും, ആ വ്യക്തി കൂടുതൽ വലിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുവാനും പ്രസ്തുത മേഖലയിലുള്ളവരുമായി സ്ഥിരമായ ബന്ധത്തിൽ ഏർപ്പെടുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കുന്നു.

1. ക്രിമിനൽ നടപടിക്രമം 50 A വകുപ്പ് പ്രകാരം അറസ്റ്റ് വിവരം സുഹൃത്ത്, ബന്ധു അല്ലെങ്കിൽ പ്രതി വെളിപ്പെടുത്തുന്ന/ ചുമതലപ്പെടുത്തുന്ന ആളെ അറിയിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യത ഉപയോഗപ്പെടുത്തി ചെറിയ അളവിലുള്ള മയക്കമരുന്നു കേസുകളിൽ ആദ്യമായി പിടിക്കപ്പെടുന്ന ആളുകളുടെ വിവരം അവരുടെ മാതാപിതാക്കളെ അറിയിക്കുന്നതും , ആ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നതും ആ കുട്ടികളെ മയക്കമരുന്ന് ലോബികളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും , പിന്നീട് നിരീക്ഷിക്കുന്നതിനും സഹായകമാകും.

2 എൻ.ഡി.പി.എസ് നിയമം 64 A പ്രകാരം ചികത്സയ്ക്ക് വിധേയനാക്കുവാൻ താൽപര്യമുള്ള മയക്കമരുന്നിന് അടിമപ്പെട്ടവരും ചെറിയ അളവിലുള്ള മയക്കമരുന്ന് കൈകാര്യം ചെയ്ത കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവരുമായ വ്യക്തികൾക്ക് ലഹരി വിരുദ്ധ ചികത്സയ്ക്ക് വിധേയനാകുന്ന പക്ഷം ശിക്ഷയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കപ്പെടുമെന്ന് പറഞ്ഞ് ബോധ്യപ്പെടുത്തി ആയതിനുള്ള തുടർ നടപടി നിയമപരമായി സ്വീകരിക്കേണ്ടതാണ്.

മേൽ കാര്യങ്ങൾ എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും പാലിക്കേണ്ടതും

നിയമപരമായ കർത്തവ്യ നിർവ്വഹണം , സാമൂഹിക പ്രതിബന്ധത, വിട്ടുവീഴ്ചയില്ലാതെ നിറവേറ്റുന്നതിനുള്ള മാധ്യമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരമായി ഇതിനെ കാണേണ്ടതാണെന്നും പ്രത്യേകം നിർദ്ദേശിക്കുന്നു. ഓഫീസ് സന്ദർശിക്കുന്ന മേലുദ്യോഗസ്ഥർ ഇക്കാര്യം കൃത്യമായി വിലയിരുത്തി തുടർ നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചു കൊള്ളുന്നു.

S. AANANTHAKRISHNAN IPS

Signature valid

Digitally signed by AANANTHAKRISHNAN S
Date 2021.02.04 11:[illegible] IST
Reason Approved

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ

1. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
2. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
3. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)